**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 592** **17-09-2025 - ൽ മറുപടിയ്ക്ക്**

**ഓൺലൈൻ ട്രഷറി ഇടപാടുകളിലെ സുരക്ഷ.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ട്രഷറി വകുപ്പിലെ ഓൺലൈൻ സേവനങ്ങളിൽ സൈബർ സുരക്ഷയും ഡാറ്റ സംരക്ഷണവും ഉറപ്പാക്കുന്നതിനായി സർക്കാർ സ്വീകരിച്ചിരിക്കുന്ന സുരക്ഷാ സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) | ട്രഷറി വകുപ്പിലെ ഓൺലൈൻ സേവനങ്ങളിൽ സൈബർ സുരക്ഷയും ഡാറ്റ സംരക്ഷണവും ഉറപ്പാക്കുന്നതിനായി ട്രഷറി സെൻട്രൽ സർവർ , ഓൺലൈൻ ആപ്ലിക്കേഷനുകൾ എന്നിവയിൽ ഏർപ്പെടുത്തിയിട്ടുള്ള സുരക്ഷാ മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു:<br><br>1. ഓൺലൈൻ സേവനങ്ങളുടെ സൈബർ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി Password, login OTP, Transaction OTP, Captcha എന്നിവ ഉൾപ്പെടുന്ന Multi Factor Authentication നടപ്പിൽ വരുത്തിയിട്ടുണ്ട്.<br><br>2. ഓൺലൈൻ ആപ്ലിക്കേഷനുകളിലൂടെയുള്ള ആധികാരികമല്ലാത്ത ലോഗിൻ അഭ്യർത്ഥനകൾ നിരസിക്കുന്നതിനും ആയത് സംബന്ധിച്ച മുന്നറിയിപ്പ് നൽകുന്നതിനുമായി WAF (Web Application Firewall) നടപ്പിലാക്കിയിട്ടുണ്ട്.<br><br>3. ഓൺലൈൻ സംവിധാനങ്ങളിലെ പഴുതുകൾ കണ്ടുപിടിക്കുന്നതിനും അവ പരിഹരിക്കുന്നതിനുമായി CERT-IN Empaneled Agency ആയ STQC മുഖാന്തിരം എല്ലാ ഓൺലൈൻ ആപ്ലിക്കേഷനുകളുടെയും സെക്യൂരിറ്റി ഓഡിറ്റ് പൂർത്തിയാക്കിയിട്ടുണ്ട്.<br><br>4. Web Server-ഉം User's Browser-ഉം തമ്മിൽ encrypted communication വരുത്തുന്നതിനായി എല്ലാ ഓൺലൈൻ ആപ്ലിക്കേഷനുകളിലും SSL Certificate-കൾ പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്.<br><br>5. ഓൺലൈൻ ആപ്ലിക്കേഷനുകളിൽ ലോഗിൻ ചെയ്യുന്നതിനായും ട്രാൻസാക്ഷൻ നടത്തുന്നതിനായും ഉപയോഗിക്കുന്ന Password - കൾ നിശ്ചിത ഇടവേളകളിൽ നിർവീര്യമാകുന്നതിനും പുതിയ |

| | | | |
|---|---|---|---|
| | | | Password-setചെയ്യുന്നതിനുമുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ഈ സംവിധാനം എത്രത്തോളം കാര്യക്ഷമവും വിശ്വാസ്യതയുള്ളതുമാണെന്ന് വിശദമാക്കുമോ? | (ബി) | ട്രഷറി വകുപ്പിലെ ഓൺലൈൻ സേവനങ്ങളിൽ സൈബർ സുരക്ഷയും ഡാറ്റാ സംരക്ഷണവും കാര്യക്ഷമതയും വിശ്വാസ്യതയും ഉറപ്പാക്കുന്നതിനായാണ് മേൽ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ